മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 28

**വാർത്താക്കുറിപ്പ് -2**

---

# വിനോദസഞ്ചാര ദിനാഘോഷം നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂള് ഓഫ് ടൂറിസം സ്റ്റഡീസിന്റെ നേതൃത്വത്തിൽ ലോക വിനോദസഞ്ചാര ദിനാഘോഷം സംഘടിപ്പിച്ചു. രണ്ടു ദിവസത്തെ ആഘോഷ പരിപാടികൾ വൈസ് ചാൻസലര് പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് ഡീൻ ഡോ. റോബിന് ജേക്കബ്, സ്കൂള് ഓഫ് ടൂറിസം ഡയറക്ടര് ഡോ. ടോണി കെ. തോമസ്, ടൂറിസം ക്ലബ് അംഗങ്ങൾ തുടങ്ങിയവര് പങ്കെടുത്തു.

പെരിയാർ കടുവാ സങ്കേതത്തിലെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ പ്രത്യേക ചടങ്ങിൽ ആദരിച്ചു. പെരിയാർ കടുവ സങ്കേതത്തിലെ കൺസർവേഷന് ബയോളജിസ്റ്റും ഇക്കോ ടൂറിസം ഓഫീസറുമായ അനൂപ് വിജയകുമാർ ഉപഹാരം ഏറ്റുവാങ്ങി.

വിനോദസഞ്ചാര മേഖലയിൽ പുതിയ സാധ്യതകള് പ്രയോജനപ്പെടുത്തുന്ന നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ ഭക്ഷ്യമേളയും കുടുംബശ്രീ അംഗങ്ങളുടെ സാംകാരിക പരിപാടികളും ഇതോടനുബന്ധിച്ചു നടന്നു. സൈക്കിളില് രാജ്യ

പര്യടനം നടത്തുന്ന നിധിൻ മാളിയേക്കല് അനുഭവങ്ങള് പങ്കുവച്ചു.

(പി.ആർ.ഒ./39/1390 /2022)

.......................

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശലയില് സംഘടിപ്പിച്ച ലോക വിനോദസഞ്ചാര ദിനാഘോഷച്ചടങ്ങിൽ പെരിയാര് കടുവ സങ്കേതത്തിലെ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ വൈസ് ചാൻസലര് പ്രഫ. സാബു തോമസ് ആദരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**